അബൂഹംന കാരത്തൂർ

# പരിണാമവാദം

## മ്യൂസിയത്തിലേക്ക്

**DA’WA BOOKS**

**P.B No: 1981, Vyttila, Cochin - 19**

**DA’WA BOOKS**

Malayalam | Study | Parinamavadam Musiyathilekku
പരിണാമവാദം മ്യൂസിയത്തിലേക്ക്
Author : Aboohamna Karathoor
First Edition : May 2008
**Price: Rs. 30**

Publisher Distribution
Da’wa Books | Vyttila | Kochi - 19 | Kerala | India
Email: dawabook@gmail.com
Cover: Primrose
Type Setting : Nasar, Creative Media
Printing : Screen Offset, Kochi - 18

All right reserved. No part of this work may be reproduced or utilised in any form or by any means without the prior written permission of the publishers.

## പ്രസാധകക്കുറിപ്പ്-

അന്താരാഷ്ട്ര നിലവാരത്തിൽ മലയാള പുസ്തകങ്ങൾ പുറത്തിറക്കുകയും പ്രസക്തമായ വിവിധ ഭാഷാഗ്രന്ഥങ്ങൾ മലയാളത്തിലേക്ക് മൊഴിമാറ്റം നടത്തി പ്രസിദ്ധീകരിക്കുകയും അന്താരാഷ്ട്ര സമൂഹത്തിന് പരിചയപ്പെടുത്തേണ്ട മലയാള മൗലിക കൃതികൾ മറ്റു ഭാഷകളിലേക്ക് പരിഭാഷപ്പെടുത്തി പ്രസിദ്ധീകരിക്കുകയും ചെയ്യുകയെന്ന ലക്ഷ്യത്തോടെ തുടക്കം കുറിച്ച 'ദഅ്‌വാ ബുക്സ്' ശ്രദ്ധേയവും വ്യതിരിക്തവുമായ പുസ്തകങ്ങൾ പുറത്തിറക്കിക്കൊണ്ട് ഇതിനകം തന്നെ പുസ്തക പ്രസാധന രംഗത്ത് സ്ഥിരപ്രതിഷ്ഠ നേടിക്കഴിഞ്ഞിട്ടുണ്ട്, الحمد الله.

ശാസ്ത്രത്തിന്റെ പൊയ്മുഖമണിഞ്ഞ് പ്രത്യക്ഷപ്പെടുന്ന നിരീശ്വരവാദമാണ് യഥാർഥത്തിൽ പരിണാമവാദം. ജീവപരിണാമത്തിന് തെളിവ് കണ്ടെത്തുന്നതിന് വേണ്ടിയുള്ള പരിശ്രമങ്ങളെല്ലാം പരാജപ്പെടുകയാണ് ഇന്നോളം ചെയ്തിട്ടുള്ളത്. എന്നാൽ വസ്തുതകളെ വളച്ചൊടിച്ചും തങ്ങൾക്ക് പറ്റിയ തെളിവുകൾ നിർമിച്ചും പരിണാമവാദത്തിന് തെളിവുണ്ടാക്കുന്നതിനും വേണ്ടിയുള്ള പരിശ്രമങ്ങൾ ഇന്നും നടന്നുകൊണ്ടിരിക്കുന്നുണ്ട്. മനുഷ്യന്റെയും മറ്റു ജീവികളുടെയും ഭ്രൂണങ്ങൾ തമ്മിൽ സാദൃശ്യമുണ്ടെന്ന് വരുത്തിത്തീർത്ത് എല്ലാവരും ഒരു പൊതുപൂർവികനിൽ നിന്ന് പരിണമിച്ചുണ്ടായതാണെന്ന് സ്ഥാപിക്കുവാൻ പരിണാമവാദികൾ എന്തെല്ലാം കൈക്രിയകളാണ് കാണിച്ചിട്ടുള്ളതെന്നോ? പരിണാമവാദത്തിനുള്ള പലതെളിവുകളിൽ ഒന്നായി 'ഭ്രൂണശാസ്ത്ര തെളിവുകൾ' പറഞ്ഞിരുന്നു ഇന്നലെ വരെ. എന്നാൽ ഇന്ന് പരിണാമവാദികൾക്ക് ഭ്രൂണശാസ്ത്ര തെളിവുകൾ തങ്ങളുടെ പുസ്തകങ്ങളിൽ പോലും എടുത്തു ചേർക്കാൻ നാണമുണ്ട്. എന്താണ് ഇതിന് പിന്നിൽ? ശാസ്ത്രത്തിന്റെ മറവിൽ ദൈവനിഷേധം പ്രചരിപ്പിക്കാൻ ശ്രമിക്കുന്നവരുടെ വൃത്തികെട്ട കൈക്രിയകൾ വ്യക്തമാക്കുന്ന ഒരു ലഘു കൃതി.

നാഥാ. . . . നീ ഇതൊരു പ്രതിഫലാർഹമായ പ്രവർത്തനമായി സ്വീകരിക്കേണമേ (ആമീൻ)

**മാനേജർ-**

Page 8
Blank

# താളുകളിൽ


1) പരിണാമവാദം: ചില തത്വങ്ങൾ ............................................ 13

2) ഭ്രൂണശാസ്ത്രവും പരിണാമവാദവും .................................... 18

3) അവയവ സാദൃശ്യം (Homology) ................................ 29

4) ലുപ്താവയവങ്ങൾ (Vestigial organs) ......................... 36

5) ഗില്ലുകളും (Gills) പരിണാമവാദവും ..................................... 42

6) ആർക്കിയോപ്റ്ററിക്സും (Archaeopteryx)
പരിണാമവാദവും ........................................................................ 46

7) ഉൽപ്പരിവർത്തനവും (Mutation) പരിണാമവാദവും ....... 52


Page 10
Blank

# ആമുഖം

പതിറ്റാണ്ടുകളായി നമ്മുടെ നാട്ടിൽ പഠിപ്പിച്ചു കൊണ്ടിരിക്കുന്നതും ഏവരുടെയും മനസ്സിൽ കൊത്തി വെക്കപ്പെട്ടതുമായ ഒന്നാണല്ലോ പരിണാമവാദം. ശാസ്ത്രപുരോഗതിക്കനുസരിച്ച് പല ശാസ്ത്ര ശാഖ കളും മറ്റമുൾക്കൊണ്ടപ്പോൾ, ഇന്നും അതിന് പുറം തിരിഞ്ഞ് നിൽക്കുന്ന അഥവാ നിർത്തപ്പെടുന്ന ബയോളജിയിലെ പഠന വിഭാഗമാണ് പരിണാമവാദം എന്ന് കാണാം. ഡാർവിനും ഹൈക്കലുമെല്ലാം നവ നവങ്ങളായ കണ്ടുപിടുത്തങ്ങളോടെ തിരസ്കൃതരാ യെങ്കിലും ദൈവനിഷേധ സ്വരം ഉയർന്നു കേൾക്കാൻ താത്പര്യപ്പെടുന്നവർ തങ്ങളുടെ നിലപാട് മാറ്റാൻ തയ്യാറാകാതെ ഇരുട്ടിൽ തപ്പുകയാണ്. പക്ഷേ, സത്യം അവരെ പിന്തള്ളി മുന്നേറുകയാണ്.

പരിണാമവാദം ഒരു ഗീബത്സിയൻ സിദ്ധാന്തമാണെന്ന് കാലം തെളിയിച്ചു കഴിഞ്ഞു. യൂറോപ്പും അമേരിക്കയുമെല്ലാം അവരുടെ വിദ്യാലയങ്ങളിലെ സിലബസിൽ പരിണാമവാദത്തിന്റെ പുതിയ അവസ്ഥയാണ് പഠിപ്പിച്ചുകൊണ്ടിരിക്കുന്നത്. എന്നാൽ നിരീശ്വര-നിർമ്മത കൂട്ടുകെട്ടിന്റെ കൈകളിലകപ്പെട്ടിരിക്കുന്ന നമ്മുടെ പാഠ്യക്രമത്തിൽ ഒരു പതിറ്റാണ്ടായി പൊളിച്ചെഴുതപ്പെട്ടുകഴിഞ്ഞ പരിണാമവാദത്തെ വിദ്യാർത്ഥികൾക്ക് പരിചയപ്പെടുത്താതെ പഴയ പല്ലവി തന്നെ പാടിക്കൊണ്ടിരിക്കുകയാണ്.

സത്യത്തെ മൂടിവെയ്ക്കാൻ ഒട്ടേറെ കുത്സിതവും വഞ്ചനാത്മകവുമായ പരിശ്രമം നടന്ന ഒരു വേദിയായി പരിണാമവാദത്തെ പഠനവിധേയമാക്കുന്ന ആർക്കും തിരിച്ചറിയാവുന്നതാണ്. കോട്ടിമാട്ടലുകളും, ഊഹാപോഹങ്ങളും കല്പിത കഥനങ്ങളും നിറഞ്ഞ ഒന്നിനെ ശാസ്ത്രം എന്ന് വിശേഷിപ്പിക്കുന്നതു തന്നെ എത്രകണ്ട് ഉചിതമെന്ന് ആലോചിക്കുക.

ദൈവികതയെ കൂടുതൽ പ്രസക്തമാക്കുന്ന ഈ രംഗത്തെ ശാസ്ത്രപുരോഗതികളെ ജനങ്ങളിലേക്കെത്തിക്കേണ്ടത് ഒരു സത്യവിശ്വാസിയുടെ ബാധ്യതയാണെന്ന് മനസ്സിലാക്കുന്നതിനാൽ പരിണാമവാദവുമായി ബന്ധപ്പെട്ട ചില ശാസ്ത്രീയ വെളിപ്പെടുത്തലുകൾ സംക്ഷിപ്തമായി പ്രതിപാദിക്കുകയാണ് ഈ പുസ്തകത്തിൽ.

തുറന്ന മനസ്സോടെ സത്യം സത്യമായി മനസ്സിലാക്കുന്നവർക്കായി ഇത് സമർപ്പിക്കുന്നു.

അബൂഹംന കാരത്തൂർ

# 1

# പരിണാമവാദം: ചില തത്വങ്ങൾ

**സൃ**ഷ്ടി - സ്രഷ്ടാവ് എന്ന വേർതിരിവിനെ മതകീയമായ പശ്ചാത്തലത്തിൽ അംഗീകരിക്കാൻ വിസമ്മതിക്കുന്നവരാണ് ശാസ്ത്രലോകത്തെ പലരും. സിദ്ധാന്തങ്ങളിലൂടെ വളർന്ന് പരീക്ഷണശാലയിൽ തെളിയിക്കപ്പെട്ട് യുക്തിയെ പ്രീതിപ്പെടുത്തി മുന്നോട്ടു പോകുന്ന ഭൗതികപഠനത്തിന്റെ സാരാംശത്തെ പ്രതിനിധീകരിക്കുന്ന പദമാണ് ശാസ്ത്രം എന്നാണല്ലോ പൊതു ധാരണ. ഗവേഷണങ്ങളും, പഠനങ്ങളും, സിദ്ധാന്തങ്ങളുമെല്ലാമു ണ്ടെങ്കിലും ഒരു പരീക്ഷണശാലയുടെ അഭാവം നിമിത്തം യുക്തിയെ തൃപ്തിപ്പെടുത്താൻ കഴിയാത്ത ഒന്നാണ് വിശ്വാസം അല്ലെങ്കിൽ മതം എന്നതും ആളുകളിലുള്ള ധാരണ തന്നെ. വ്യത്യസ്ത ധ്രുവങ്ങളിൽ നിൽക്കുന്ന ഇവ സമാന്തരരേഖകളെപ്പോലെയാണെന്നും കൂട്ടിമുട്ടാത്ത ഇവയെ ഇണക്കാൻ ശ്രമിക്കുന്നത് കൊടിയ പാതകമോ മഠയത്തമോ ആയി കാണുന്നവരും ഉണ്ട്. കാര്യങ്ങളെ താത്പര്യാനുസാരമാക്കാൻ ഉതകുന്ന ഉപമകളിലൂടെ സമർത്ഥിച്ച് അവക്ക് യാഥാർത്ഥ്യബോധം നൽകുക എന്ന രീതിയാണ് പൊതുവെ മത വിമർശകർ കൈകൊ ണ്ടിട്ടുള്ളത് എന്നതുകൊണ്ടാണ് ഇവരുടെ വർത്തമാനങ്ങളിൽ ഇത്തരം ആശയങ്ങൾ കാണാനാകുന്നത്.

സ്രഷ്ടാവിനെ നിരാകരിക്കാൻ വളർന്നുവന്ന ഒട്ടേറെ ചിന്താ ധാരകളുണ്ട്. പക്ഷേ, ശാസ്ത്രപുരോഗതി ഇത്തരം ചിന്തകളെ ഒന്നൊഴിയാതെ കാലത്തിന്റെ അഗാധ ഗർത്തങ്ങളിലേക്ക്



വലിച്ചെറിയുന്നത് നാം ഇന്നു കാണുന്ന നിത്യ സംഭവങ്ങളിലൊന്നാണ്. സത്യം ഇതാണെങ്കിലും മനസ്സിൽ വേരുറച്ചുപോയ ധാരണകളെ നവ ശാസ്ത്രീയ തെളിവുകൾക്കനുസരിച്ച് പരിഷ്കരിക്കാൻ, ഒരു വിജ്ഞാന നവീകരണം നടത്താൻ തയ്യാറാകാത്തവരാണ് മഹാ ഭൂരിഭാഗവും എന്നത് ഒരു ദുഃഖ:സത്യമാണ്. ദൈവ വിശ്വാസികളിൽ ആരോപിക്കപ്പെടാറുള്ള ഈ വിഷയം ഇന്ന് സർവ്വ സാധാരണമായി കാണുന്നത് ശാസ്ത്രകാരന്മാരിലും ശാസ്ത്രത്തെ അത്യാനുഭാവ ത്തോടെ വീക്ഷിക്കുന്നവരിലുമാണ്. സൂര്യന്റെ നിശ്ചലാവസ്ഥയും, പ്രപഞ്ചവികാസവുമെല്ലാം ഒരുകാലത്ത് മതാധ്യാപനങ്ങളുമായി വൈരുദ്ധ്യം പുലർത്തിയപ്പോൾ ദൈവത്തെ മനസ്സിൽ നിന്ന് കുടിയിറക്കിയവരും ശാസ്ത്രാനുസാരം മതവിശ്വാസങ്ങളെ പറഞ്ഞൊപ്പിക്കാൻ മിനക്കെട്ടവരും പിറവികൊള്ളുകയുണ്ടായി.

സൂര്യന് ചലനമുണ്ടെന്നും ഗ്രഹങ്ങൾക്ക് ചലനപാതയുണ്ടെന്നും പ്രപഞ്ചം വികസിച്ചുകൊണ്ടിരിക്കുന്ന ഒന്നാണെന്നും പതിനാലു നൂറ്റാണ്ടുകൾക്ക് മുൻപ് അറേബ്യയിലെ നിരക്ഷരനായ പ്രവാചകന്റെ നാവിലൂടെ ലോകം ശ്രവിച്ച വെളിപാടുകൾ ഇന്ന് വിവിധ ദശകളിലൂടെയുള്ള മുന്നേറ്റത്തിനു ശേഷം ശാസ്ത്രം സമ്മതിക്കുന്നു.

മനുഷ്യ മനസ്സിൽ 1800 കൾ മുതൽ സ്ഥിരപ്രതിഷ്ഠ നേടിയ, അശാസ്ത്രീയമെന്ന് തെളിയിക്കപ്പെട്ട എന്നാൽ പലർക്കുമിന്ന് 'ശാസ്ത്ര സത്യമായ' ഒരു വിഷയം - പരിണാമവാദമാണ് ഇവിടെ പരിശോധിക്കപ്പെടുന്നത്. തലമുറകളായി പഠിക്കുകയും പഠിപ്പി ക്കപ്പെടുകയും ചെയ്തു വരുന്ന പരിണാമസിദ്ധാന്തം പുനരാലോ ചനക്ക് വിധേയമാക്കപ്പെടാതെ എഴുതപ്പെട്ടത് അപ്പാടെ പകർത്തി നിലനിന്നുപോന്നു. അതുകൊണ്ടു തന്നെയാകാം ഇന്നും പരിണാമ വാദത്തിനെതിരെ അത്യാധുനിക ശാസ്ത്ര സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തിക്കൊണ്ട് നിരത്തപ്പെട്ട തെളിവുകൾ സമർപ്പി ക്കപ്പെടുമ്പോഴും ആളുകളുടെ നെറ്റി ചുളിയുകയും മുഖം വിവർണ്ണ മാകുകയും ചെയ്യുന്നത്. ഏറ്റവും കൂടുതൽ 'ശാസ്ത്രീയ വഞ്ചനകൾ' നടന്നിട്ടുള്ളത് പരിണാമവാദത്തെ 'സമർത്ഥിക്കുവാൻ' വേണ്ടി യായിരുന്നു എന്ന് അതേ കുറിച്ച് മുൻവിധികളില്ലാതെ പഠിക്കുന്ന ആർക്കും മനസ്സിലാക്കാവുന്നതാണ്. 'തത്തമ്മേ പൂച്ച പൂച്ച' എന്ന വർത്തമാനം ശാസ്ത്രജ്ഞാനികൾ എന്ന് പറയുന്നവരിൽ നിന്ന് കാണുന്നത് ഖേദകരമായ അനുഭവം തന്നെ. ദൈവത്തെ നിഷേ

ധിക്കാൻ, സാതന്ത്ര്യം എന്നാൽ എല്ലാ മ്ലേഛതകൾക്കുമുള്ള അനുവദനീയത എന്ന തത്വം നടപ്പിലാക്കാൻ ഇനിയും ഈ സിദ്ധാന്തത്തിൽ കടിച്ചു തൂങ്ങാൻ കഴിയാതെയായിരിക്കുന്നു എന്ന തിരിച്ചറിവ് നിരീശ്വര നിർമ്മതവാദികളെ തെല്ലൊന്നുമല്ല ഭയപ്പെടുത്തുന്നത്!!

അതിനിസ്സാരമായ ഒരു പുരാതന ജൈവരൂപത്തിൽ നിന്നും അഥവാ ഒരു ഏകകോശ ജീവിയിൽ നിന്നും, വിവിധ പ്രാപഞ്ചിക ഇടപെടൽ മൂലം ക്രമാനുഗതമായുണ്ടാകുന്ന മാറ്റങ്ങൾ പുതിയ ജീവി വർഗങ്ങളുണ്ടാകാൻ കാരണമായി. തലമുറകളിലൂടെ കൈമാറ്റം ചെയ്യപ്പെടുന്ന ഈ മാറ്റങ്ങളാണ് വിവിധ ജീവിവർഗങ്ങളുടെ ഉത്ഭവ കാരണമായത് എന്ന തത്വമാണ് പരിണാമവാദം (Evolution) എന്നറിയപ്പെടുന്നത്. ഈ പദപ്രയോഗം സാങ്കേതികമായി ആദ്യം അവതരിപ്പിച്ചത് സ്പെൻസർ (Spencer) എന്ന ശാസ്ത്രജ്ഞനാണ്. ഒരു സ്രഷ്ടാവിന്റെ സാധ്യതയെ തന്നെ നിഷേധിക്കുന്ന ഈ വാദത്തിന് ജീവശാസ്ത്രത്തിന്റെ പരിവേഷം നൽകാൻ മുന്നോട്ടുവന്ന വ്യക്തിയായിരുന്നു ചാൾസ് ഡാർവിൻ (Charles Robert Darwin, 1809-1882)

## ഡാർവിനിസം: പ്രകൃതി നിർദ്ധാരണ സിദ്ധാന്തം
### (Theory of Natural Selection)

പ്രകൃതി നിർദ്ധാരണ സിദ്ധാന്തമാണ് ഡാർവിനിസം എന്നറിയപ്പെടുന്നത്. ജീവികളുടെ പൊടുന്നനെയുള്ള വർധനവ് ഭക്ഷണത്തിനും താമസത്തിനും സ്ഥലത്തിനുമെല്ലാമായി അവയ്ക്കിടയിൽ മത്സരത്തിന് ഹേതുവാകും. നിലനിൽപ്പിനുള്ള ഈ വടം വലിയിൽ (Struggle for Existance) ഏറ്റവും കഴിവുറ്റവർ അതിജീവിക്കപ്പെടുന്നു (Survival of the fittest). പ്രകൃതി സാഹചര്യങ്ങളോടിണങ്ങും വിധം മാറ്റങ്ങൾക്ക് വിധേയരാകുന്ന ജീവികൾ പ്രകൃതിയാൽ തെരെഞ്ഞെടുക്കപ്പെടുന്നു (Natural selection) മാറ്റങ്ങളിലൂടെ ശക്തരായ ഇവ ഇണചേർന്ന് തങ്ങളുടെ മാറ്റങ്ങളും കഴിവുകളും തലമുറകളിലേക്ക് കൈമാറ്റം ചെയ്യുന്നു. പല തലമുറകൾ കഴിയുമ്പോൾ ഉണ്ടാകുന്ന സന്താനങ്ങൾ അവയുടെ യഥാർത്ഥ പിതാമഹന്മയി വ്യത്യസ്തത പുലർത്തുകയും ചെയ്യും. അങ്ങനെ ഒരു പുതിയ ജീവി വർഗം (Species) ഉണ്ടാകുന്നു. ഇത്രയുമാണ് ഡാർവിന്റെ അടിസ്ഥാന സിദ്ധാന്തങ്ങൾ.



പ്രഗത്ഭരായ പല ശാസ്ത്രകാരന്മാരും തള്ളിക്കളഞ്ഞ സിദ്ധാന്തമാണ് പ്രകൃതി നിർദ്ധാരണം.

പ്രശസ്ത ഗ്രന്ഥകാരനും ഫിലോസഫറുമായ *Arthur Koestler എഴുതി

"Once upon a time, it all looked so simple. Nature rewarded the fit with the carrot of survival and punished the unfit with the stick of extinction. The trouble only started when it came to defining fitness.... Thus natural selection looks after the survival and reproduction of the fittest, and the fittest are those which have the highest rate of reproduction.... We are caught in a circular argument which completely begs the question of what makes evolution evolve" (1978, p. 170).

''പണ്ടൊരു കാലത്ത് കാര്യങ്ങളെല്ലാം സുതാര്യമായാണ് കാണപ്പെട്ടത്. പ്രകൃതി ബലവാനെ അതിജീവനത്തിന്റെ കേരറ്റ് നൽകി അനുമോദിച്ചപ്പോൾ ദുർബലനെ ഉന്മൂലനത്തിന്റെ ദണ്ഡുകൊണ്ട് ശിക്ഷിച്ചു. കഴിവിന്റെ നിർവ്വചനത്തിലെത്തിയപ്പോൾ മാത്രമാണ് പ്രശ്നം ഉടലെടുത്തത്....അപ്രകാരം പ്രകൃതിനിർദ്ധാരണം ബലവാന്റെ അതിജീവനവും പ്രത്യുത്പാദനവും പരിപാലിക്കുന്നു. ബലവാന്മാരെന്നാൽ ഉന്നത പ്രത്യുത്പാദന നിരക്കുള്ളവരാണ്..... പരിണാമത്തിന്റെ പരിണാമം സാധ്യമാക്കുന്നത് എന്താണെന്ന ഇനിയും തെളിയിക്കപ്പെടേണ്ട കാര്യത്തെ അംഗീകരികരിക്കപ്പെട്ട ഒന്നായി കണക്കാക്കി നാം വിപുലമായ തർക്കങ്ങളിൽ അകപ്പെട്ടിരിക്കുകയാണ്'' (1978, p. 170).

The famous Dutch botanist * Hugo deVries : "Natural selection may explain the **survival** of the fittest, but it cannot explain the **arrival** of the fittest" (1905, pp. 825-826)

പ്രശസ്ത ഡച്ച് സസ്യ ശാസ്ത്രജ്ഞനായ ഹ്യൂഗോ ഡിവ്രിസ് എഴുതിയത് ഇപ്രകാരമാണ്: '' പ്രകൃതി നിർദ്ധാരണത്തിന് ഒരു പക്ഷേ ബലവാന്റെ അതിജീവനത്തെ വിശദീകരിക്കാൻ കഴിഞ്ഞേന്നുവരാം എന്നാൽ അതിന് ബലവാന്റെ ആഗമനത്തെ വിശദീകരിക്കാൻ കഴിയുകയില്ല തന്നെ.'' (1905, pp. 825-826)

Swedish biologist * Soren Lovtrup wrote "After this step-wise elimination, only one possibility remains: **the Darwinian theory of**

**natural selection**, whether or not coupled with Mendelism, **is false**. I have already shown that the arguments advanced by the early champions were not very compelling, and that there are now considerable numbers of empirical facts which do not fit with the theory. (p. 352, emp. added).

സ്വീഡിഷ് ബയോളജിസ്റ്റായ Søren Løvtrup എഴുതി. ''ഈ അനുക്രമമായ ഉന്മൂലനത്തിനു ശേഷം ബാക്കി നിൽക്കുന്ന ഒരേയൊരു സാധ്യത ഡാർവിന്റെ പ്രകൃതി നിർദ്ധാരണ സിദ്ധാന്തം, മെന്റലിസവുമായി കൂട്ടിയിണക്കിയാലും ഇല്ലെങ്കിലും, തെറ്റാകുന്നു എന്നതാണ്. പൂർവ്വകാല പ്രഗത്ഭരുടെ തർക്കവിതർക്കങ്ങൾ അത്രതന്നെ ശ്രദ്ധേയമായിരുന്നില്ല എന്നത് ഞാൻ മുൻപുതന്നെ വെളിപ്പെടുത്തിയതാണ്. മാത്രമല്ല ഇപ്പോൾ ഒട്ടനേകം അനുഭവ യാഥാർത്ഥ്യങ്ങൾ ഈ സിദ്ധാന്തവുമായി യോജിക്കുന്നവയുമല്ല. (p. 352).

ഇതാണ് പ്രകൃതി നിർദ്ധാരണം എന്ന ഡാർവീനിയൻ സിദ്ധാന്തത്തിന്റെ ശാസ്ത്രമാനം. കമ്യൂണിസ്റ്റുകളും മറ്റ് ദൈവനിഷേധികളും ചേർന്ന് ഡാർവിനിസത്തിന് പ്രചാരം നൽകിയെങ്കിലും ജീവികളിലുണ്ടാകുന്ന ഈ മാറ്റങ്ങളുടെ അടിസ്ഥാനമെന്ത് എന്നും അവ എങ്ങനെയാണ് തലമുറകളിലേക്ക് കൈമാറ്റം ചെയ്യപ്പെടുന്നത് എന്നും വിശദീകരിക്കാനാകാതെ അത് പ്രതിസന്ധിയിലകപ്പെടുകയായിരുന്നു.



# 2

# ഭ്രൂണശാസ്ത്രവും പരിണാമവാദവും

പരിണാമവാദത്തിന് കൂടുതൽ പ്രചാരവും അംഗീകാരവും ലഭ്യമാക്കുന്നതിനു വേണ്ടി വളരെ പരിശ്രമിച്ച ശാസ്ത്രകാരനാണ് ഏണസ്റ്റ് ഹൈക്കൽ (Earnest Hackel, 1834 - 1919). ജനിതകശാസ്ത്രത്തിന്റെ വളർച്ചയാണ് ഹൈക്കലിനെ ബയോജനിറ്റിക് സിദ്ധാന്തം **(Biogenetic Law)** ആവിഷ്കരിക്കാൻ നിർബന്ധിതനാക്കിയത്. ജീവിവർഗങ്ങളുടെ സ്വഭാവ, രൂപ പ്രകൃതികളെല്ലാം നിയന്ത്രിക്കുന്നതും തീരുമാനിക്കുന്നതും തലമുറകളിലൂടെ കൈമാറുന്നതുമെല്ലാം ജീനുകളാണ് എന്നു വരുമ്പോൾ ഒരു ഏകകോശ ജീവിയിൽ നിന്നും പരിണമിച്ചുണ്ടായ ഓരോ ജീവി വർഗത്തിലും തന്റെ പിതാമഹന്റെ (ancester) സ്വഭാവ ഗുണങ്ങൾ ഏതെങ്കിലും ജീവിതഘട്ടത്തിൽ ഏതെങ്കിലുമെല്ലാം രൂപത്തിൽ പ്രതിഫലിക്കപ്പെട്ടേ തീരൂ. ഈ പ്രശ്നത്തെ തന്ത്രപരമായി നേരിടുക മാത്രമല്ല ശാസ്ത്രലോകത്തിന് പരിണാമ സംബന്ധിയായി പുതിയതും സർവ്വാംഗീകാരം നേടാനുതകുന്നതുമായ സിദ്ധാന്തമായിരുന്നു അദ്ദേഹം അവതരിപ്പിച്ചത്. '**Ontogeny recapitulates phylogeny**', അതായത് ***ഒരു ജീവിയുടെ വളർച്ചാഘട്ടങ്ങളിൽ അതിന്റെ പരിണാമ ചരിത്രം ആവർത്തിക്കപ്പെടുന്നു*** എന്നാണ് ഹൈക്കൽ പറഞ്ഞത്. ഈ വാദത്തെ ശാസ്ത്രീയമാക്കാൻ തന്റെ ബുദ്ധിമാത്രം തെളിവാക്കി അദ്ദേഹം

വിവിധ ജീവികളുടെ ഭ്രൂണ വളർച്ചാ ഘട്ടങ്ങൾ കുത്തിയിരുന്ന് വരച്ചുണ്ടാക്കുകയായിരുന്നു.

പരിണാമവാദത്തിന് ദൈവത്തെ മാറ്റിനിർത്താനാകുമെന്ന മിഥ്യാധാരണയിൽ കഴിയുന്നവർക്ക് തത്സംബന്ധിയായ വാദമുഖങ്ങൾ അവ എത്ര തന്നെ അശാസ്ത്രീയവും അസത്യ-അബദ്ധ ജഡിലവുമായിരുന്നാലും കയ്യൊഴിക്കാൻ കഴിയാറില്ല. അതുകൊണ്ടു തന്നെ വല്ലഭന് പുല്ലും ആയുധം എന്ന മട്ടിൽ കണ്ണിൽ കണ്ടെതെല്ലാം തെളിവാക്കുന്ന രീതിയാണ് അവരിന്നും പുലർത്തിപ്പോരുന്നത്.

ഭ്രൂണശാസ്ത്ര പരമായ 'തെളിവുകൾ' ആണ് ഒരു പക്ഷേ പരിണാമവാദത്തെ ഒരു ശാസ്ത്ര 'സത്യമായി' അംഗീകരിക്കാൻ ആളുകൾക്ക് പ്രചോദകമായത്. 1874 മുതൽ ഏണസ്റ്റ് ഹൈക്കൽ മെനഞ്ഞുണ്ടാക്കി 'സമർപ്പിച്ച' വിവിധ നട്ടെല്ലുള്ള ജീവികളുടെ (Vertibrate) ഭ്രൂണവളർച്ചയുടെ ചിത്രം യാതൊരു പുനപരിശോധനയും കൂടാതെ അപ്പാടെ പകർത്തിപ്പോരുകയായിരുന്നു.

ഹൈക്കൽ വരച്ചുണ്ടാക്കിയ ചിത്രങ്ങൾ ഭ്രൂണശാസ്ത്ര താരതമ്യ പഠനലോകത്ത് (Comparative Embryology) ഇന്ന് പുറംതള്ളപ്പെട്ടുവെങ്കിലും നിരീശ്വരവാദികളും ശാസ്ത്ര സാഹിത്യ പരിഷത്തുമെല്ലാം നമ്മുടെ സിലബസ് നിർണ്ണയിക്കുന്ന വിഷയത്തിൽ വലിയ പങ്കുവഹിക്കുന്നവരാണെന്നതിനാൽ, ഈ കളവു നിറഞ്ഞ, വഞ്ചനാനിർഭരമായ ചിത്രവും വിശദീകരണങ്ങളും അതേപടി നമ്മുടെ കുട്ടികളെ ഇന്നും പഠിപ്പിച്ചുകൊണ്ടിരിക്കുന്നു.

1997 ൽ മൈക്കൽ റിച്ചാർഡ്സൺ **(Michael Richardson, Embryologist at London's St. George's Hospital Medical School)** എന്ന ശാസ്ത്രജ്ഞൻ ഹൈക്കലിന്റെ ചിത്രങ്ങൾ തീർത്തും അവാസ്തവവും കപടവുമാണെന്ന് തെളിവുകൾ സഹിതം അവതരിപ്പിക്കുകയുണ്ടായി.

ഹൈക്കൽ വരച്ച ചിത്രവും റിച്ചാർഡ്സൺ സമർപ്പിച്ച നേർക്കുനേരെയുള്ള ഫോട്ടോയും താരതമ്യപ്പെടുത്തുക (ചിത്രങ്ങൾ 1-5)



**(ചിത്രം 1)**
**Picture Drawn By Haeckel**




**(ചിത്രം 2 )**



(ചിത്രം 3 )

**Photo By Michael Richardson**




(ചിത്രം 4 )

**റിച്ചാർഡ്സൺ നൽകിയ മറ്റ് ഭ്രൂണങ്ങളുടെ ഫോട്ടോകൾ**



**(From left: *Petromyzon marinus, Acipenser ruthenus, Bufo bufo, Erinaceus europaeus, Felis catus, Manis javanica, Canis familiaris.)***



**(ചിത്രം 5 )**

മുകളിലെ വരിയിൽ ഹൈക്കലിന്റെ കൃത്രിമ ചിത്രീകരണം, താഴെ യഥാർത്ഥ ഫോട്ടോകൾ. **(Down From left: *Salmo salar*, *Cryptobranchus alleghenensis*, *Emys orbicularis*, *Gallus gallus*, *Oryctolagus cuniculus*, *Homo sapiens*. )**




ചിത്രത്തിൽ കാണുന്നതുപോലെ മത്സ്യം മുതൽ മനുഷ്യൻ വരെയുള്ള എല്ലാ വെർട്ടിബ്രേറ്റിന്റെയും വളർച്ചാഘട്ടങ്ങൾ തീർത്തും വിഭിന്നമെങ്കിലും നമ്മുടെ വിദ്യാലയങ്ങളിൽ ഹൈക്കലിന്റെ സത്യവിരുദ്ധമായ ചിത്രമാണ് ഇന്നും പഠിപ്പിക്കുന്നത്. എന്നാൽ ഹൈക്കലിന്റെ ഈ പരിപാടിയെക്കുറിച്ച് ഡോ. റിച്ചാർഡ്സൺ പറഞ്ഞു: ***"one of the worst case of scientific fraud",*** ''ശാസ്ത്രീയ വഞ്ചനയുടെ ഏറ്റവും മോശമായ ഒരു സംഭവമാണിത്''

** ഹൈക്കലിന്റെ ചിത്രരചനയെക്കുറിച്ച് ലോകത്തുടനീളമുണ്ടായ ശാസ്ത്രകാരന്മാരുടെ അഭിപ്രായ പ്രകടനങ്ങളിൽ ചിലത് അനുബന്ധത്തിൽ വായിക്കുക.*

നമ്മുടെ നാട്ടിൽ ഇപ്പോഴും ഇതൊന്നും കണ്ടില്ലെന്ന മട്ടിൽ കുട്ടികളെ ആ പഴയ പല്ലവി തന്നെ പാടി പഠിപ്പിച്ചുകൊണ്ടിരിക്കുന്ന വെങ്കിലും സത്യം അംഗീകരിക്കാൻ തയ്യാറുള്ളവർ അവരുടെ രചനകളിൽ മാറ്റം വരുത്തിക്കഴിഞ്ഞതായും നമുക്കു കാണാം. ബയോളജിസ്റ്റും അധ്യാപകനും ആറു ബയോളജി പുസ്തകങ്ങളും

ഒട്ടേറെ ലേഖനങ്ങളും എഴുതിയ സ്കൂൾ കോളേജ് ബയോളജി പുസ്തക രചയിതാവുകൂടിയായ ജോ ലിവൈൻ തന്റെ പുസ്തക ങ്ങളിലെല്ലാം 2000 വരെ നൽകിയിരുന്നത് ഹൈക്കലിന്റെ ഭ്രൂണ താരതമ്യ പഠന ചിത്രങ്ങളായിരുന്നു. എന്നാൽ തന്റെ Lion Book (BIOLOGY - The Living Science) യുടെ page 223, Elephant Book (BIOLOGY by Kenneth Miller and Joe Levine ) യുടെ page 283 എന്നീ ബയോളജി പുസ്തകങ്ങളുടെ അഞ്ചാമത്തെ എഡിഷനിൽ താഴെ കാണുന്ന ചിത്രം കുറിപ്പ് സഹിതം നൽകുകയുണ്ടായി.

(ചിത്രം 6 )

Biology, Prentice Hall, 2000 edition, p283




'So, what have we done? Well, we fixed it. Joe Levine and I (Kenneth Miller) have now revised the drawings that appear on these pages of our textbooks, and the 5th Edition of the Elephant book has been published with an accurate drawing of the embryos made from detailed photomicrographs. We have also rewritten page 283 of the 5th edition to better reflect the scientific evidence regarding the similarities of early development:" by Kenneth Miller, Author.



## ഭ്രൂണശാസ്ത്ര സംബന്ധിയായ ചില വസ്തുതകൾ

അണ്ഡവും ബീജവും സംയോജിച്ചുണ്ടാകുന്ന സിക്താണ്ഡത്തിന്റെ (zygote) കോശവിഭജനത്തോടെയുള്ള വളർച്ചയുടെ ഏറ്റവും ആദ്യ ദശയെ മോറുല എന്നാണ് വിളിക്കുക. മോറുലയിലെ കോശങ്ങൾ ചുറ്റും ഒരു പാളിപോലെയും അതിനകത്ത് കൂട്ടമായി കിടക്കുന്നവ എന്ന രീതിയിലും വേർതിരിക്കപ്പെടുന്നു. ഇത്രയുമായാൽ പുതിയതായി രൂപംകൊണ്ട ഈ കോശ കവചത്തിന് പുറത്തുള്ള പഴയ അണ്ഡാവരണങ്ങൾ (egg envelops) അപ്രത്യക്ഷമാകു ന്നു. ക്രമേണ കൂട്ടമായി കിടക്കുന്ന കോശങ്ങൾ പന്തുപോലുള്ള ഭ്രൂണത്തിന്റെ ഒരു ധ്രുവത്തിലേക്ക് (animal pole) നീങ്ങി കോശ കവചവുമായി ഒട്ടിച്ചേർന്ന് ഒരു നോബു പോലെയാകുന്നു (embryonic knob). അങ്ങനെ ഭ്രൂണത്തിനകത്ത് ഒരു അറ രൂപപ്പെടുന്നു. ഭ്രൂണ ത്തിന്റെ ഈ അവസ്ഥയെ ബ്ലാസ്റ്റുല (blastula) എന്നും അതിന്റെ അറയെ ബ്ലാസ്റ്റോസീൽ (blastocoel) എന്നും വിളിക്കുന്നു. എംബ്രിയോണിക് നോബിലെ കോശങ്ങളിൽ ചിലത് (ഏറ്റവും ഉള്ളിലെ നിരയിലുള്ള) ഒരു നിർണ്ണിത രൂപം വരെ ബ്ലാസ്റ്റോസീലി ലേക്ക് നീങ്ങുന്നു. അവിടെവെച്ച് അവ വിഭജിച്ച് പാർശ്വങ്ങളിലേക്ക് നീങ്ങി പുറംഭിത്തിയോട് ചേരുന്നു. അങ്ങനെ ഭ്രൂണത്തിനകത്ത് ഒന്നാമത്തെ പാളി (germ layer) രൂപംകൊള്ളുന്നു. ഇതാണ് എന്റോഡേം (endoderm). എംബ്രിയോണിക് നോബിലെ ശേഷിക്കുന്ന കോശങ്ങൾ വലിഞ്ഞുനീണ്ട് ഒരു കട്ടിയുള്ള ഭിത്തിയായി മാറുന്നു. ഇത് എംബ്രിയോണിക് ഡിസ്ക് (embryonic disc) എന്നറിയപ്പെടുന്നു. ഇതോടെ ഈ ഭാഗത്തെ പുറംഭിത്തിയിലെ കോശങ്ങൾ (cells of Rauber) അപ്രത്യക്ഷമാകുന്നു. പിന്നീട് എംബ്രിയോണിക് ഡിസ്കിൽ നിന്നും വിഭജനത്തിലൂടെ ഒരു പാളി അടർന്നുപോയി (delamination) അടുത്ത ജേം ലെയർ (mesoderm) ഉണ്ടാകുന്നു. ബാക്കിയുള്ള കോശങ്ങളെല്ലാം ചേർന്ന് മൂന്നാമ ത്തെ germlayer ആയ ectoderm ഉണ്ടാകുന്നു.




(ചിത്രം 7)

First stages of segmentation of a mammalian **ovum**. Semi-diagrammatic.. a. Two-cell stage. b. Four-cell stage. c. Eight-cell stage. d, e. Morula stage.

## Blastula Stage




(ചിത്രം 8 )



ഇങ്ങനെ germ layer ഉണ്ടാകുന്നതും അതിനായുള്ള കോശങ്ങളുടെ blastocoel ലിലേക്കുള്ള യാത്രയും, ദൂരവും പുറംഭിത്തിയുമായുള്ള കൂടിച്ചേരലും എല്ലാം നേരത്തേ തീരുമാനിക്കപ്പെട്ടവ (predetermined) ആണ്. germ layers ൽ നിന്നുമാണ് വിവിധ അവയവങ്ങൾ ഉടലെടുക്കുന്നത്. ഈ അവയവ ജനനത്തെ organogenesis എന്ന് പറയുന്നു. എന്നാൽ germ layers (enoderm, mesoderm, ectoderm) കളുടെ ഉത്ഭവവും വേർതിരിയലും, ഒരോ പാളികളിലേയും കോശങ്ങളുടെ നിയതിയിലും (fate) പ്രകടമായ വ്യത്യാസമുണ്ട് എന്നാണ് ഡോ: ഡെന്റൻ തെളിവുകൾ സഹിതം സമർത്ഥിച്ചിട്ടുള്ളത്.

ഡോ: ഡെന്റൻ നൽകിയ ചിത്രവും പറഞ്ഞ വാക്കുകളും പരിശോധിക്കുക:

(ചിത്രം 9)




Evolution: A Theory in Crisis, Michael Denton, 1985, P.115, Hildebrand

"The earliest events leading from the first division of the egg cell to the blastula stage in amphibians, reptiles and mammals are illustrated in the Figure . Even to an untrained zoologist it is obvious that neither the blastula itself, nor the sequence of events which lead to its formation, is identical in any of the three vertebrate classes

shown. The differences become even more striking in the next major phase in embryo formation - gastrulation. This process involves a complex sequence of relative cell movements whereby the cells of the blastula rearrange themselves, eventually resulting in the transformation of the blastula into the intricate folded form of the early embryo, or gastrula, which consists of the three basic germ cell layers: the ectoderm, which gives rise to the skin and the nervous system; the mesoderm, which gives rise to muscle and skeletal tissues; and the endoderm, which gives rise to the lining of the alimentary tract as well as to the liver and pancreas. No one doubts that gastrulation and the gastrula are homologous in all vertebrates, yet the way the gastrula is formed and particularly the positions in the blastula of the cells which give rise to the germ layers and their migration patterns during gastrulation differ markedly in the different vertebrate classes. There is no question that, because of the great dissimilarity of the early stages of embryogenesis in the different vertebrate classes, organs and structures considered homologous in adult vertebrates ***cannot be traced back*** to homologous cells or regions in the earliest stages of embryogenesis. In other words, homologous structures are arrived at by different routes." (Evolution: A Theory in Crisis, Michael Denton, 1985, p 145-6)

ഉഭയ ജീവികളിലും, ഉരഗങ്ങളിലും, സസ്തനികളിലും അണ്ഡ കോശം ബ്ലാസ്റ്റുല ആയി വളരുന്ന ആദ്യ വിഭജന ഘട്ടങ്ങളാണ് ചിത്ര ത്തിൽ കൊടുത്തിട്ടുള്ളത്. ചിത്രത്തിൽ കാണിച്ചിരിക്കുന്ന ജീവികളുടെ ഭ്രൂണവളർച്ചയുടെ ബ്ലാസ്റ്റുല (സിക്താണ്ഡ വളർച്ചയുടെ രണ്ടാം ഘട്ടം) യിലാകട്ടെ തുടർഘട്ടങ്ങളിലേതിലെങ്കിലുമാകട്ടെ സാമ്യത തീരെയില്ല എന്നത് ഒരു സാധാരണ പരിചയ സമ്പന്നനല്ലാത്ത ജന്തുശാസ്ത്രകാരനുപോലും വ്യക്തമാണ്. വ്യത്യാസങ്ങൾ കൂടുതൽ ശ്രദ്ധേയമാകുന്നത് ഭ്രൂണരൂപാന്തരണത്തിന്റെ അടുത്ത പ്രധാന ഘട്ടത്തിൽ – ഗാസ്ട്രുലേഷൻ – ആണ്. ഈ പ്രക്രിയ അനുബന്ധ കോശങ്ങളുടെ അതി സങ്കീർണ്ണമായ വിഗതികൾ ഉൾക്കൊള്ളുന്നു. അവിടെ ബ്ലാസ്റ്റുലയിലെ കോശങ്ങൾ സ്വയം ക്രമീകരിക്കപ്പെടുകയും അവസാനം ബ്ലാസുലയുടെ സങ്കീർണ്ണ പ്രാഥമിക ഭ്രൂണരൂപമായ



ഗാസ്ട്രുലയായി പരിണമിക്കുകയും ചെയ്യുന്നു. ഈ പ്രാഥമിക ഭ്രൂണത്തിൽ, ചർമ്മവും നാഡീ വ്യവസ്ഥയും ഉടലെടുക്കുന്ന ഏക്റ്റോഡേം; പേശികളും അസ്ഥി കലകളും ഉടലെടു ക്കുന്ന മീസോഡേം; അന്നകുല്യയുടെ ആവരണം, അതുപോലെ കരളും, കൂടാതെ പാൻക്രിയാസും ഉടലെടുക്കുന്ന എന്റോഡേം എന്നീ മൂന്ന് അടിസ്ഥാന പ്രഭവ കോശ പാളികൾ (germ cell layers) ആണ് ഉള്ളത്. എല്ലാ നട്ടെല്ലുള്ള ജീവി വർഗങ്ങളിലും, ഗാസ്ട്രുലയും ഗാസ്ട്രുലേഷനും അനുരൂപമാണെന്നതിൽ ആർക്കും സംശയമില്ല എങ്കിലും ഗാസ്ട്രുല രൂപീകൃതമാകുന്ന രീതിയും വിശിഷ്യാ germ layers ഉണ്ടാകുന്ന ബ്ലാസുലയിലെ കോശങ്ങളുടെ സ്ഥാനം, ഗാസ്ട്രുലയായി മാറുമ്പോഴുള്ള അവയുടെ സംക്രമണ രീതികൾ എന്നിവയിലെല്ലാം വിവിധ നട്ടെല്ലുള്ള ജീവി വർഗങ്ങളിൽ പ്രകടമായ വ്യത്യാസം ദൃശ്യമാണ്. വിവിധ വെർട്ടിബ്രേറ്റ് ക്ലാസ്സുകളിലെ ഭ്രൂണ വളർച്ചയുടെ പ്രാരംഭ ഘട്ടങ്ങളിൽ പോലും വലിയ വ്യത്യാസം ഉണ്ട്. അതിനാൽ പൂർണ്ണ വളർച്ചയെത്തിയ വെർട്ടിബ്രേറ്റയുടെ അവയവങ്ങളിലും ഘടനയിലുമെല്ലാം കാണുന്ന സാമ്യത പരിഗണിക്കുമ്പോൾ തന്നെ അവ രൂപമെടുത്തത് ഒരേ കോശങ്ങളിൽ നിന്നോ മേഖലകളിൽ നിന്നോ ആണെന്ന് പറയുവാനോ അങ്ങിനെ പിൻതുടർന്ന് കണ്ടെത്തുവനോ സാധ്യമല്ല എന്നതിൽ സംശയമേ തുമില്ല. മറ്റൊരു വിധത്തിൽ പറഞ്ഞാൽ സാമ്യത പുലർത്തുന്ന ഘടനകൾ രൂപമെടുത്തത് വ്യത്യസ്തങ്ങളായ വഴികളിലൂ ടെയാണ്'' (Evolution: A Theory in Crisis, Michael Denton, 1985, p 145-6)

തെളിവുകൾ പരിണാമവാദിയായ ഡെന്റനെ ഇങ്ങനെ പറയാൻ നിർബന്ധിതനാക്കി. ഘടനാപരമായി സാമ്യതപുലർത്തുന്ന അവയവങ്ങൾ ഒരേമാർഗത്തിൽ രൂപംകൊണ്ടവയല്ല എന്നതിനാൽ തന്നെ ജീവികളോരോന്നും വ്യത്യസ്ത ജിവികളായി തന്നെയാണ് ഉടലെടുത്തത് എന്ന സത്യമാണ് ഇവിടെ മനസ്സിലാക്കപ്പെടുന്ന വലിയകാര്യം. പരിണാമവാദത്തിന്റെ തായ്‌വേരാണിവിടെ അറ്റുപോകുന്നത്.

3

# അവയവ സാദൃശ്യം

**(Homology)**

ഘടനാപരമായും ഉത്ഭവപരമായും സമാനത പുലർത്തുന്ന അവയവങ്ങളെ സദൃശ്യാവയങ്ങൾ (homologous organs) എന്നും ഈ പ്രതിഭാസത്തെ ഹോമൊലോഗി (homology) എന്നും പറയുന്നു. അസ്ഥിയുള്ള ജീവികളുടെ കൈകാലുകളിലെ എല്ലുകളുടെ സാമ്യത അത് മത്സ്യങ്ങളുടെ ചിറകുകളിലെ അസ്ഥികളോടും പക്ഷികളുടെ ചിറകുകളിലെ അസ്ഥികളും മറ്റ് ജീവികളിലെ കൈകളിലെ അസ്ഥികൾക്കവയോടുള്ള സമാനതയുമെല്ലാം അടിസ്ഥാനമാക്കി പരിണാമവാദത്തെ സ്ഥാപിക്കാൻ വ്യാപകമായി ഹോമലോഗി ഉപയോഗിക്കുകയുണ്ടായി. എന്നാൽ അവയവങ്ങൾ സദൃശ്യ മെങ്കിലും അവ ഉടലെടുത്തത് ഓരോ സ്പീഷീസിലും അവയുടെ ഭ്രൂണത്തിന്റെ വിവിധ ഇടങ്ങളിൽ നിന്നാണെന്നുള്ളത് കൃത്യമായി തെളിയിക്കപ്പെട്ടു.

## 1. കണ്ണിലെ ലെൻസിന്റെ രൂപവൽക്കരണം

**(Formation of lens of the (vertebrate )eye)**

.in the common frog, ***Rana fusca***, in the embryo of which, if the optic cup is cut out, no lens develops at all. But in the closely related edible frog, ***Rana esculents***, the optic cup can be cut out from the embryo, and the lens develops all the same. It cannot be doubted that the lenses of these two species of frog are homologous, yet they differ completely in the mechanism by which determination and differentiation are brought about. ***(Evolution: A Theory in Crisis, Michael Denton, 1985, p 147, citing: Homology: An Unsolved Problem, G. De Beer, 1971)***



"...***Rana fusca*** എന്ന തവളയുടെ ഭ്രൂണത്തിന്റെ ഒപ്റ്റിക് കപ്പ് മുറിച്ചുമാറ്റിയാൽ അതിന്റെ ലെൻസ് (കണ്ണിലെ) വളരുകയില്ല എന്നാൽ ഇതിനോട് അടുത്ത ബന്ധമുള്ള ഭക്ഷ്യയോഗ്യമായ തവള ***Rana esculents*** ന്റെ ഒപ്റ്റിക് കപ്പ് മുറിച്ചു മാറ്റിയാൽ തന്നെയും അതിന്റെ ലെൻസ് യഥാവിധം വളരുന്നു. ഈ രണ്ട് തവള വർഗങ്ങളുടെയും ലെൻസുകൾ സമാനങ്ങളാണെന്നതിൽ സംശയമേയില്ല. എങ്കിലും അവയുടെ നിശ്ചയവും വേർതിരിവും സംഭവിക്കുന്ന രീതിശാസ്ത്രം തികച്ചും വ്യത്യസ്തമാണ്." ***(Evolution: A Theory in Crisis, Michael Denton, 1985, p 147, citing: Homology: An Unsolved Problem, G. De Beer, 1971)***

ഇതേ വിഷയത്തിൽ അതായത് നട്ടെല്ലുള്ള ജീവികളിൽ സമാനത പുലർത്തുന്ന അവയവങ്ങളുടെ വ്യത്യസ്ത വഴികളിലൂടെയുള്ള രൂപീ കരണം കൂടുതൽ ഉദാഹരണങ്ങളോടെ വിലയിരുത്തപ്പെട്ടിട്ടു ള്ളത് കാണുക:

## 2. അന്നപഥ രൂപവൽക്കരണം

**(Formation of Alimentary canal)**

**The alimentary canal** is formed from the roof of the embryonic gut cavity in the sharks, from the floor in the lamprey, from roof and floor in frogs, and from the lower layer of the embryonic disc, the blastoderm, in birds and reptiles. (Evolution: A Theory in Crisis, Michael Denton, 1985, p 146, citing: Homology: An Unsolved Problem, G. De Beer, 1971, p 13)

"സ്രാവുകളിൽ ഭ്രൂണത്തിന്റെ ഗട്ട് കാവിറ്റിയുടെ മേൽതട്ടിൽ നിന്നും, ലാംബ്രികളിൽ അടിഭാഗത്തു നിന്നും, തവളകളിൽ മേൽതട്ടിൽ നിന്നും താഴ്ഭാഗത്തുനിന്നും, പക്ഷികളിലും ഉരഗങ്ങളിലും എംബ്രിയോണിക് ഡിസ്കിന്റെ താഴെ പാളി, ബ്ലാസ്റ്റോഡേം, യിൽ നിന്നുമാണ് അന്നപഥം ഉണ്ടാകുന്നത്' (Evolution: A Theory in Crisis, Michael Denton, 1985, p 146, citing: Homology: An Unsolved Problem, G. De Beer, 1971, p 13)

## 3. വൃക്കകളുടെ രൂപവൽക്കരണം (Formation of Kidney)

The development of the vertebrate kidney appears to provide another challenge to the assumption that homologous organs are generated from homologous embryonic tissues. In fish and amphibia the kidney is derived directly from an embryonic organ known as the mesonephros, while in reptiles and mammals the mesonephros degenerates towards the end of embryonic life and plays no role in the formation of the adult kidney, which is formed instead from a discrete spherical mass of mesodermal tissue, the metanephros, which develops quite independently from the mesonephros. Even the ureter, the duct which carries the urine from the kidney to the bladder, is formed in a completely different manner in reptiles and mammals from the equivalent duct in amphibia. (Evolution: A Theory in Crisis, Michael Denton, 1985, p 146)

''സദൃശ്യാവയവങ്ങൾ ഉടലെടുത്തത് സമാന ഭ്രൂണകലകളിൽ നിന്നാണെന്നുള്ള ഊഹത്തിന് നൽകുന്ന മറ്റൊരു വെല്ലുവിളിയാണ് നട്ടെല്ലുള്ള ജീവികളുടെ വൃക്കകളുടെ രൂപവൽക്കരണം. മത്സ്യങ്ങളിലിലും ഉഭയജീവികളിലും വൃക്കകൾ ഉണ്ടാകുന്നത് മീസോനെഫ്രോസുകൾ എന്ന ഭ്രൂണാവയവത്തിൽ നിന്നും നേരിട്ടാണ്. എന്നാൽ ഉരഗങ്ങളിലും സസ്തനികളിലും മീസോ നെഫ്രോസുകൾ ഭ്രൂണവളർച്ചയുടെ അന്ത്യത്തോടെ നശിച്ചു പോകുകുന്നു. മാത്രമല്ല വളർച്ചയെത്തിയ ജീവിയുടെ വൃക്കയുടെ രൂപീകരണത്തിൽ യാതൊരു പങ്കും വഹിക്കുന്നുമില്ല. മറിച്ച് അത് രൂപം കൊള്ളുന്നത് മീസോനെഫ്രോസിൽ നിന്നും സ്വതന്ത്രമായി ഉണ്ടാകുന്ന മിസോഡേർമിലെ വിഭിന്നമായ ഗോളാകൃതിയിലുള്ള കലകൾ അഥവാ മെറ്റാ നെഫ്രോസുകളിൽ നിന്നുമാണ്. ഉഭയ ജീവികളിലേതിന് സമാനത പുലർത്തുന്ന, വൃക്കകളിൽ നിന്നും മൂത്രം മൂത്രസഞ്ചിയിലേക്ക് കൊണ്ടുവരുന്ന കുഴലുകൾ പോലും ഉരഗങ്ങളിലും സസ്തനികളിലും തീർത്തും വ്യത്യതമായ രീതികളിലാണ് രൂപംകൊള്ളുന്നത്''. (Evolution: A Theory in Crisis, Michael Denton, 1985, p 146)



## 4. നട്ടെല്ലുള്ള ജീവികളുടെ കൈകളുടെ വളർച്ച

നട്ടെല്ലുള്ള ജീവികളുടെ കൈകാലുകളിലെ എല്ലുകളുടെ സമാനത പരിണാമവാദികൾ തെളിവാക്കിയിരുന്നുവെങ്കിലും അവ വളർന്നു വരുന്നത് വ്യത്യസ്ത ജീവികളിൽ വിവിധ ശരീരഖണ്ഡ ങ്ങളിൽ നിന്നുമാണ്.

The forelimbs develop from the trunk segments 2, 3, 4 and 5 in the newt, segments 6, 7, 8 and 9 in the lizard and from segments 13, 14, 15, 16, 17 and 18 in man. (Evolution: A Theory in Crisis, Michael Denton, 1985, p 146, citing: Homology: An Unsolved Problem, G. De Beer, 1971, p 8)

ന്യൂട്ടിന്റെ (ഒരു ഉഭയജീവി) കൈകൾ വളരുന്നത് 2,3,4,5 എന്നീ trunk segments ൽ നിന്നുമാണെങ്കിൽ ഗൗളി വർഗങ്ങളിൽ 6,7,8,9 എന്നീ segment കളിൽ നിന്നുമാണ്. മനുഷ്യരിലാകട്ടെ 13, 14, 15, 16, 17 , 18 segment എന്നീ കളിൽ നിന്നുമാണ്. (Evolution: A Theory in Crisis, Michael Denton, 1985, p 146, citing: Homology: An Unsolved Problem, G. De Beer, 1971, p 8)

## 5. Polygordius എന്ന വിരയുടെ trunk ന്റെ വളർച്ച

***Polygordius*** ( Phulum: Annelida. Class : Archiannelida) വിരയുടെ ഒരു സ്പീഷീസിൽ ലാർവയുടെ ശരീരത്തിനകത്തു നിന്നുമാണ് trunk വളരുന്നതെങ്കിൽ മറ്റൊരു സ്പീഷീസിൽ ലാർവയുടെ ശരീരത്തിന് വെളിയിൽ ഒരു വിരപോലെ പുറത്തേക്ക് തൂങ്ങിക്കിടക്കുന്ന അവസ്ഥയിലാണുള്ളത്. ഈ രണ്ടു സ്പീഷിസുകളുടെയും പൂർണ്ണ വളർച്ച പ്രാപിച്ച വിരകൾ തമ്മിൽ കാഴ്ചയിൽ വ്യത്യാസങ്ങളേതുമില്ല.

കൂടാതെ പറവകളിലും, ഉരഗങ്ങളിലും സസ്തനികളിലും വളരുന്ന ഭ്രൂണത്തെ ആവരണം ചെയ്യുന്ന amneotic membrane ഉം allentioc memrane ഉം വളർന്നു വരുന്നത് വ്യത്യസ്ത രീതിയിൽ വ്യത്യത കോശങ്ങളിൽ നിന്നുമാണെന്നും അദ്ദേഹം കണ്ടെത്തി യിട്ടുണ്ട്. (Evolution: A Theory in Crisis, Michael Denton, 1985, p 147, citing: Homology: An Unsolved Problem, G. De Beer, 1971, p 13)

പൂർണ്ണ വളർച്ചയെത്തുമ്പോൾ ഏതാണ്ട് സമാനത പുലർത്തുന്ന ചില Mollusca (കക്കകൾ, നീരാളി, കണവ തുടങ്ങിയവ ഉൾക്കൊ

ള്ളുന്ന കുടുംബം) സ്പീഷീസുകളിലും ഇതേ രീതിയിലുള്ള വളർച്ചാ രീതികൾ ദർശിക്കാൻ കഴിഞ്ഞതായും അദ്ദേഹം പറയുന്നു.

ഡി ബീറിന്റെ പഠനങ്ങൾ സമാന അവയവങ്ങൾ രൂപമെടുക്കുന്നത് വിവിധ ജീവി വർഗങ്ങളിൽ ഭ്രൂണത്തിന്റെ വിവിധ ഇടങ്ങളിൽ നിന്നാണെന്ന വിഷയത്തെ മാത്രം അടിസ്ഥനമാക്കിയായിരുന്നില്ല. ഭ്രൂണകലകളെ വിവേചിക്കുന്ന പ്രേരകങ്ങളെയും (organizer) അദ്ദേഹം പഠന വിധേയമാക്കി.

ഒപ്റ്റിക് കപ്പിനെ ആവരണം ചെയ്യുന്ന എപ്പിഡർമിസിൽ (പുറം തൊലി) നിന്നുമാണ് നട്ടെല്ലുള്ള ജീവികളുടെ കണ്ണിന്റെ ലെൻസ് ഉണ്ടാകുന്നത്. ഇവിടെ ഒപ്റ്റിക് കപ്പ് അതിനെ ആവരണം ചെയ്യുന്ന എപ്പിഡർമിസിനെ ഉത്തേജിപ്പിച്ച് ലെൻസായി വളരുവാനുള്ള പ്രേരകമയി അഥവാ പ്രയോക്താവായി (organizer) സ്വയം വർത്തിക്കുകയാണ് ചെയ്യുന്നത്. ഈ organizer ആയ ഒപ്റ്റിക് കപ്പ് ***Rana fusca*** ഇൽ നിന്നും മുറിച്ചു മാറ്റിയപ്പോഴാണ് ലെൻസ് വളരാതിരിക്കുകയും എന്നാൽ ***Rana esculents*** ൽ വളരുകയും ചെയ്തത്. !!.

ഇത് ഒരൊറ്റപ്പെട്ട ഉദാഹരണമല്ല എന്ന് പറഞ്ഞുകൊണ്ട് അദ്ദേഹം വീണ്ടും തെളിവ് നിരത്തുന്നു:

This is no isolated example. In true vertebrates the spinal cord and brain develop as a result of induction by the underlying organizer; but in the "tadpole larva" of the tunicates, which has a "spinal cord" like the vertebrates, it differentiates without any underlying organizer at all. All this shows that homologous structures can owe their origin and stimulus to differentiate to different organizer- induction processes without forfeiting their homology. " (Evolution: A Theory in Crisis, Michael Denton, 1985, p 147, citing: Homology: An Unsolved Problem, G. De Beer, 1971)

ഇത് ഒരൊറ്റപ്പെട്ട ഉദാഹരണമല്ല. യഥാർത്ഥ നട്ടെല്ലുള്ള ജീവികളിൽ സുഷുമ്നയും മസ്തിഷ്കവും ഉണ്ടാകുന്നത് ബന്ധപ്പെട്ട ഒരു organizer ന്റെ സ്വാധീനം മൂലമാണ്. എന്നാൽ വെർട്ടിബ്രേറ്റകളെ പോലെ 'സുഷുമ്ന'യുള്ള റ്റൂണിക്കേറ്റകളുടെ 'വാൽ മാക്രി ലാർവ'കളിൽ അത് ഒരു organizer ഇല്ലാതെയാണ് ഉരുത്തിരിഞ്ഞു വരുന്നത്. ഇതെല്ലാം വ്യക്തമാക്കുന്നത് സമാന അവയവങ്ങൾ, അവയുടെ സദൃശ്യത്തെ കയ്യൊഴിക്കാതെ തന്നെ, കടപ്പെട്ടിരിക്കുന്നത് അവയുടെ ഉത്ഭവം, വ്യത്യസ്തമായ ഉദ്ദീപക-ഉദ്ദീപന പ്രക്രിയയെ


വേർതിരിക്കുന്ന ആവേഗങ്ങൾ എന്നിവയോടാണ്.'' Evolution: A Theory in Crisis, Michael Denton, 1985, p 147, citing: Homology: An Unsolved Problem, G. De Beer, 1971)

ഇങ്ങനെ അനവധി തെളിവുകൾ നിരത്തി ആദ്ദേഹം സദൃശ്യാവയവങ്ങളുടെ ഈ രൂപവൽക്കരണ രീതികൾ വ്യത്യസ്ത ങ്ങളായതിനാൽ അവ സമാന ജീനുകളുടെ നിയന്ത്രണത്തിലല്ല ഉള്ളതെന്നും ആയതിനാൽ തന്നെ ജനിതകമായ പരമ്പര്യമോ പൊതു പിതാമഹനിൽ നിന്നുരുത്തിരിയുന്ന പരമ്പര്യ സ്വഭാവ കൈമാറ്റ മെന്നോ പറയാനാകില്ല എന്നും അഭിപ്രായപ്പെടുന്നു. മനുഷ്യന് കുരങ്ങുകളെന്നപോലെ ഓരോ ജീവിക്കും ഒരോ പൊതു പിതാമഹ ന്മാരുണ്ടെന്നും എല്ലാം ഒരു ഏകകോശ ജീവിയിൽ നിന്നും പരിണമിച്ച് മുന്നേറിയതാണെന്നുമുള്ള പരിണാമ വാദത്തെ സ്ഥാപിച്ചെടുക്കാൻ ഹൈക്കൽ ഉണ്ടാക്കിയ Biogenetic Law ഇവിടെ തകർന്നുപോകുന്നു.

നഗ്നമായ തെളിവുകളുടെ വെളിച്ചത്തിൽ ഡി.ബീർ എത്തിച്ചേർന്ന സംക്ഷിപ്തം ഇങ്ങനെ വായിക്കാം :

ഡി ബീർ പറയുന്നു: If the origin of the homologous structures is not from the same part of the egg or position of the cells in the embryo, then they are not genetically related because they are not under the control of homologous genes. If they are not genetically related, they are not the result of descent with modification from a common ancestor."

''അണ്ഡത്തിന്റെ ഒരേ ഭാഗത്തു നിന്നോ, ഭ്രൂണത്തിലെ കോശങ്ങളുടെ ഒരേ സ്ഥാനത്തുനിന്നോ അല്ല (ജീവികളുടെ) സദൃശ്യതയാർന്ന അവയവങ്ങൾ ഉടലെടുക്കുന്നത് എങ്കിൽ അവ സമാന ജീനുകളുടെ നിയന്ത്രണത്തിലല്ല ഉള്ളത്. അതുകൊണ്ടുതന്നെ അവക്ക് ജനിതകമായി യാതൊരു ബന്ധവുമില്ല. ജനിതക ബന്ധ മില്ലാത്തവ ഒരേ പൂർവ്വ പിതാമഹനിൽ നിന്ന് രൂപാന്തരണങ്ങളിലൂടെ തലമുറകളായി പരിണമിച്ചവയുമല്ല.''

"But if it is true that through the genetic code, genes code for enzymes that synthesize proteins which are responsible (in a manner still unknown in embryology) for the differentiation of the various parts of their normal manner, what mechanism can it be that results

in the production of homologous organs, the same 'patterns' in spite of their not being controlled by the same genes? I asked this question in 1938, and it has not been answered." (de Beer, Gavin (1971). Homology: An Unsolved Problem. London: Oxford University Press. )

''ജനിതക കോഡുകളിലൂടെ ജീനുകൾ ജീവികളുടെ ശരീരാവയവങ്ങളുടെ സാധാരണ ഘടനകളെയും വൈവിധ്യങ്ങളെയും രൂപീകരിക്കാൻ വേണ്ട പ്രോട്ടീനുകളെ ഉത്പാദിപ്പിക്കുന്ന രാസാഗ്നികളെ (Enzymes) കോഡ് ചെയ്യുന്നു എന്നത് സത്യമാണെങ്കിൽ, ഒരേ ജീനുകളാൽ നിയന്ത്രിക്കപ്പെടാതിരുന്നിട്ടും സമാനതകളും ഘടനാസദൃശ്യവുമുള്ള അവയവങ്ങൾ ഉടലെടുക്കപ്പെടുന്നത് ഏത് മെക്കനിസത്തിലൂടെയാണ്?. ഞാൻ 1938 മുതൽ ചോദിച്ചുവരുന്ന ഈ ചോദ്യത്തിനിന്നോളം ഉത്തരം ലഭിച്ചിട്ടില്ല.'' (de Beer, Gavin (1971). Homology: An Unsolved Problem. London: Oxford University Press. )

ഡന്റന്റെയും ഡി ബീറിന്റെയുമെല്ലാം ഉപരിസൂചിത തെളിവുകളിൽ നിന്നും ഹോമലോഗി പരിണാമ വാദത്തിന് തെളിവ് നൽകുന്നില്ല എന്ന സത്യം ആർക്കും ബോധ്യമാകുന്നതാണ്. എന്നാൽ ഏകനായ ഒരു സ്രഷ്ടാവിന്റെ കരവിരുതുകളിലേക്കാണത് വെളിച്ചം നൽകുന്നതെന്നിനിയെങ്കിലും അന്ധരായ ദൈവനിഷേധികൾ തിരിച്ചറിഞ്ഞെങ്കിൽ...!.

* ഹോമലോഗിയെ സംബന്ധിച്ചുള്ള ശാസ്ത്രകാരന്മാരുടെ അഭിപ്രായപ്രകടനങ്ങൾ അനുബന്ധത്തിൽ വായിക്കുക.

ഹോമൊലോഗിയെ പരിണാമത്തിന് തെളിവാക്കിയാൽ വിവിധങ്ങളങ്ങളായ ഒരുപാട് പ്രശ്നങ്ങൾക്ക് മറുപടി പറയാൻ പരിണാമവാദികൾക്ക് കഴിയേണ്ടതുണ്ട്.

* Wysong നൽകിയ ചോദ്യങ്ങളുടെ ലിസ്റ്റ് അനുബന്ധത്തിൽ വായിക്കുക.



# 4

# ലുപ്താവയവങ്ങൾ

**(Vestigial organs)**

ഒരുകാലത്ത് ജീവികളുടെ പൂർവ്വ പിതാമഹരിൽ ശരിയാംവണ്ണം വളർച്ച പ്രാപിച്ച് കൃത്യമായ ധർമ്മങ്ങളോടെ നിലനിന്നിരുന്നതും എന്നാൽ ഇന്നത്തെ ജീവികളിൽ ധർമ്മ ഭ്രംശം സംഭവിച്ച് നാമമാത്രമായതോ നഷ്ടപ്പെട്ടുപോയതോ ആയ അവയവങ്ങളെയാണ് ലുപ്താവയവങ്ങൽ അഥവാ vestigial organs എന്ന് വിളിക്കുന്നത്. മനുഷ്യരിൽ അപ്രകാരമുള്ള 180 ലുപ്താവയവങ്ങളുണ്ടെന്നാണ് പഴയ കണക്ക്. 1931 ൽ ജർമ്മൻ ശാസ്ത്രജ്ഞനായ Alfred Wiedersheim ആണ് ഈ ലിസ്റ്റ് സമർപ്പിച്ചത്. എന്നാൽ നമ്മുടെ ആധുനിക ശരീരശാസ്ത്രം (Physiology) പ്രകാരം ഈ ലിസ്റ്റ് വെട്ടിമാറ്റപ്പെട്ടു.

1) Jacobson's organ : നമ്മുടെ നാസാരന്ധ്രങ്ങളെ വേർതിരിക്കുന്ന സ്തരമായ Nasal septum (നാസാപ്രാചീരം)ൽ കാണുന്ന Jacobson's organ (vomeronasal organ ) അടുത്തകാലം വരെ vestigial organ ആയാണ് കരുതിപ്പോന്നത്. എന്നാൽ അടുത്തിടെയായി മനുഷ്യരിൽ ഇതിന് സവിശേഷമായ ഇന്ദ്രിയാനുഭൂതി സംബന്ധമായ ധർമ്മമുണ്ടെന്ന് കണ്ടെത്തുകയുണ്ടായി (Gaafar, et al., 1998; Berliner, et al., 1996)

2) Vermiform Appendix : Encyclopaedia Britannica(1997) ൽ Vestigial Organs എന്ന ഭാഗത്ത് (p.491). നമുക്ക് വായിക്കാനാ

കുന്നത് ഇപ്രകാരമാണ് : ‘‘The appendix does not serve any useful purpose as a digestive organ in humans, and it is believed to be gradually disappearing in the human species over evolutionary time (see Vestigial Organs, p. 491).

‘‘ഒരു ദഹനേന്ദ്രിയം എന്ന നിലക്ക് അപ്പൻഡിക്സിന് മനുഷ്യരിൽ ഗുണകരമായ യാതൊരു ആവശ്യകതയും ഇല്ല. മാത്രമല്ല മനുഷ്യ വർഗങ്ങളിൽ നിന്നും അത് ക്രമേണ പരിണാമ ഘട്ടങ്ങളിലൂടെ നഷ്ടമായിക്കൊണ്ടിരിക്കുകയാണെന്നാണ് കരുതപ്പെടുന്നത്’’ (Encyclopaedia Britannica1997, Vestigial Organs p.491)

എന്നാൽ 1976 കളിൽ തന്നെ മെഡിക്കൽ പുസ്തകങ്ങളിൽ അപ്പെൻഡിക്സിന്റെ പ്രാധാന്യത്തെ കുറിച്ചുള്ള സജീവ ചർച്ച കാണാവുന്നതാണ്. :

The appendix is not generally credited with significant function; however, current evidence tends to involve it in the immunologic mechanism (Bockus, 1976, p. 1135).

‘അപ്പൻഡികസിന് സവിശേഷമായ എന്തെങ്കിലും ധർമ്മമുണ്ടെന്ന് ഗണിച്ചിരുന്നില്ലെങ്കിലും പുതിയ തെളിവുകൾ അതിനെ രോഗപ്രതിരോധ സംവിധാനത്തിലുൾപ്പെടുത്താൻ പ്രേരിപ്പിക്കുന്നു.‘‘ (Bockus, 1976, p. 1135).

കൂടുതൽ ആധുനികമായ ഗ്രന്ഥങ്ങൾ അപ്പെൻഡിക്സിനെ നന്നായി വികാസം പ്രാപിച്ച ഒരു ലസികാവയവമായിട്ടാണ് (well-developed lymphoid organ) വിശദീകരിക്കുന്നത്. (Moore, 1992, p. 205).




**(ചിത്രം 10)**

Gray's Anatomy യുടെ ഏറ്റവും പുതിയ പതിപ്പിലെ embryology ഭാഗത്ത് അപ്പെൻഡികസ് മനുഷ്യന്റെ പൂർവ്വ പിതാമഹരുടെ



സസ്യഭുക്കുകൾ എന്ന നിലക്കുള്ള സ്വഭാവങ്ങളെ സൂചിപ്പിക്കുന്ന വിധം ഒരു ലുപ്താവയവ ശേഷിപ്പ് മാത്രമാണെന്ന് പറയുമ്പോൾ അതേ പുസ്തകത്തിന്റെ Anatomy ഭാഗം പറയുന്നത് ഇപ്രകാരമാണ്:

In view of its rich blood supply and histological differentiation, the vermiform appendix is probably more correctly regarded as a specialised than as a degenerate, vestigial structure. The configuration of the caecum and appendix in man and the anthropoid apes is probably less primitive than in the monkeys. (Williams, P.L. and Warwick, R., 1980. ***Gray s Anatomy***, Churchill Livingstone, 36th edition.)

‘‘അതിന്റെ അത്യധികമായ രക്തവിതരണവും കലകളുടെ വിവേചനവും മൂലം അപ്പെൻഡിക്സിനെ ഒരു ധർമ്മഭ്രംശം സംഭവിക്കുന്ന ലുപ്താവയവം എന്നതിലുപരി സവിശേഷമാർന്ന ഒന്നായി പരിഗണിക്കുകയാണ് ഒരുപക്ഷേ കൂടുതൽ അഭികാമ്യം. മനുഷ്യരിലേയും മനുഷ്യക്കുരങ്ങുകളിലേയും സീക്കത്തിന്റെയും അപ്പെൻഡിക്സിന്റെയും അവസ്ഥാവിശേഷം കുരങ്ങുകളിലേതിനേക്കാൾ ഒരു പക്ഷേ പരിണാമത്തിന്റെ ആദ്യ അവസ്ഥയിലുള്ള അത്ര തന്നെ പൗരാണികമല്ല.’’(Williams, P.L. and Warwick, R., 1980. *Gray s Anatomy,* Churchill Livingstone, 36th edition.)

ഇന്ന് അപ്പെൻഡിക്സിന്റെ ധർമ്മങ്ങൾ താഴെ പറയുന്ന മേഖലകളിൽ ഉള്ളതായി കണ്ടെത്തുകയും പഠനങ്ങൾ പുരോഗമിക്കുകയും ചെയ്യുന്നു.

1. Embryological
2. Physiological
3. Microbiological (Bacteriological)
4. Biochemical
5. Immunological

**വിശദമായ പഠനം ആഗ്രഹിക്കുന്നവർ അനുബന്ധത്തിൽ കൊടുത്തിരിക്കുന്ന ഗ്രന്ഥങ്ങൾ വായിക്കുക*

എന്നാൽ ഗഹനമായ പഠനങ്ങളിൽ നിന്നും മനസ്സിലാക്കാനായത് വെർട്ടിബ്രേറ്റുകളിൽ ചില മാഴ്സൂപ്പിയൻ ( Opposum, Wombat etc.) കൾക്കും, ഏതാനും റോഡന്റുകൾക്കും (എലി, മുയൽ) മനുഷ്യക്കുരങ്ങ്, മനുഷ്യർ എന്നിവക്കുമാണ് അപ്പെൻഡിക്സ് സീക്കത്തോട്

ചേർന്ന് ഒരു വിര പോലെ (vermiform) കാണുന്നത് (ചിത്രം 10 നോക്കുക). ''പഴയതും'' ''പുതിയതുമായ'' എന്ന് പറയപ്പെടുന്ന അനേകയിനം കുരങ്ങുകളിൽ അപ്പെൻഡിക്സ് കാണുന്നില്ല . മനുഷ്യക്കുരങ്ങിലും മനുഷ്യരിലും അത് കാണുകയും ചെയ്യുന്നു. അപ്പോൾ പരിണാമവാദപ്രകാരം മനുഷ്യനിൽ നിന്ന് കുരങ്ങുകൾ രൂപാന്തരപ്പെട്ടു എന്ന് പറയേണ്ടി വരുന്നു!!. അങ്ങിനെയെങ്കിൽ ആരാണ് ആധുനികൻ? കുരങ്ങനോ, മനുഷ്യക്കുരങ്ങോ അതോ മനുഷ്യനോ? അവർ തന്നെ പറയട്ടെ.

ഇവിടെ രസകരമായ കാര്യം വാലുള്ള എന്നാൽ അപ്പെൻഡിക്സ് ഇല്ലാത്തെ ഒരു കുരങ്ങനിൽ നിന്നും വാലും അപ്പെൻഡിക്സും ഉള്ള ഒരു കുരങ്ങച്ചൻ രൂപം കൊണ്ടുവെന്നും പിന്നിടതിൽ നിന്നും വാലില്ലാത്ത എന്നാൽ അപ്പെൻഡിക്സുള്ള മനുഷ്യക്കുരങ്ങുകൾ (apes) രൂപംകൊള്ളുകയും ശേഷം അപ്പെൻഡിക്സുള്ള വാലില്ലാത്ത മനുഷ്യനും പരിണമിച്ചുണ്ടായി എന്നു പറയേണ്ടി വരും എന്നതാണ്.!! ചിലത് പോകുന്നു മറ്റു ചിലത് വരുന്നു. കുരങ്ങന് ആവശ്യമില്ലാതിരുന്ന അപ്പെൻഡിക്സ് അവയിൽ നഷ്ടമാകുകയും പിന്നീട് ആവശ്യമില്ല എന്നറിഞ്ഞുകൊണ്ടുതന്നെ രൂപപ്പെടുകയും ചെയ്തു എന്ന് തെളിവുകളൊന്നുമില്ലെങ്കിലും വാദത്തിന് വേണ്ടി സമ്മതിക്കേണ്ട ഗതികേടാണ് ഇവിടെയുള്ളത്. എന്നാൽ ഈ വാദം വാലിന്റെ കാര്യത്തിൽ യോജിക്കുന്നുമില്ല. !!

### 3. യോക്ക് സഞ്ചി (Yolk Sac)

ഉപയോഗം നശിച്ച മറ്റൊരു പാരമ്പര്യ ബാക്കിപത്രമാണ്, മുട്ടയിടുന്നവരല്ലാത്ത സസ്തനികളിലെ യോക്സാക് എന്നായിരുന്നു പഴയ ശാസ്ത്ര നിഗമനം. ഇന്നും നമ്മുടെ നാട്ടിൽ ആ ചിന്താഗതിക്ക് മാറ്റം വന്നതായി തോന്നുന്നില്ല. ഉരഗങ്ങളിൽ നിന്നും സസ്തനികളും പക്ഷികളും വഴിപിരിഞ്ഞതായാണ് പരിണാമവാദം പറയുന്നത്. അതിൽ ചിലർ സാഹചര്യാനുസാരം ജീവിത സൗകര്യത്തിനായി വെള്ളത്തിലേക്ക് തിരികെ പോയപ്പോഴാണ് തിമിംഗലവും മറ്റു ജല സസ്തനികളും ഉണ്ടായത് എന്നും അവർ വാദിക്കുന്നു. ഇതിനുള്ള തെളിവെന്നോണം സസ്തനികളിലെ ഭ്രൂണവളർച്ചാ വേളകളിൽ കാണുന്ന ആംനിയോട്ടിക് ദ്രവത്തെ (Amniotic Fluid) എടുത്തു കാണിക്കുകയും ചെയ്യുന്നു. സസ്തനികളുടെ ഭ്രൂണത്തെ ആവരണം ചെയ്യുന്ന പുറം പാളികളിലെ (Extra Embryonic Membranes) യോക് സഞ്ചി (Yolk sac)യുടെ ആവശ്യകതയെ ശക്തമായി ചോദ്യം ചെയ്തുകോണ്ടാണിവർ പരിണാമഘട്ടങ്ങളെ സമർത്ഥിച്ചിരുന്നത്. യോക്കിന്റെ യാതൊരു ആവശ്യവുമില്ലാതെ വളരാൻ കഴിയുന്ന



ഭ്രൂണമാണല്ലോ സസ്തനികളുടേത്. മാത്രമല്ല സസ്തനികളുടെ അണ്ഡത്തിൽ യോക്കിന്റെ അംശം തീരെ കുറവുമാണ് (Micro Lacethal). അമ്മയുടെ ഗർഭപാത്രത്തിൽ പറ്റിപ്പിടിച്ച് വളർച്ചക്കാവശ്യമായ പോഷകങ്ങളും ഓക്സിജനുമെല്ലാം മാതൃശരീരത്തിൽ നിന്നും സ്വീകരിച്ച് വളരുന്ന ഈ ഭ്രൂണത്തിന് യോക്ക് സാക്കിന്റെ ആവശ്യമില്ല. അപ്പോൾ ആവശ്യമില്ലാത്ത ഒന്ന് അവിടെ വെച്ച ദൈവത്തിനു തെറ്റുപറ്റിയോ?. ദൈവമാണ് സൃഷ്ടി നടത്തിയതെങ്കിൽ ഈ കയ്യബദ്ധം വരാവതല്ലല്ലോ? തുടങ്ങിയ ചോദ്യ ശരങ്ങളിലൂടെ പരിണാമവാദികളുടെ സമർത്ഥനം മുന്നോട്ടുപോയി.

എന്നാൽ ഏറ്റവും പുതിയ കണ്ടുപിടുത്തങ്ങൾ പറയുന്നത് ഇവർ യോക് സാക്കെന്ന് പേരിട്ടു വിളിച്ച ഈ സഞ്ചിയിൽ രൂപംകൊള്ളുന്ന കോശങ്ങളാണ് ഭ്രൂണത്തിന്റെ പ്രാഥമിക വളർച്ചാ ഘട്ടങ്ങളിൽ കരളും പ്ലീഹയും (Liver & Spleen) ഉണ്ടാകുന്നതുവരെ അമ്മയുടെ ശരീരത്തിൽ നിന്നും ഓക്സിജനും പോഷകങ്ങളും സ്വീകരിക്കുന്ന രക്തകോശങ്ങളായി പ്രവർത്തിക്കുന്നത് എന്നാണ്. യോക് സാക്ക് മുറിച്ചു മാറ്റിയാൽ ഭ്രൂണത്തിനു നിമിഷങ്ങൾ മാത്രമാണു ജീവിതമുള്ളത്.!! അവയവങ്ങളുടെ രൂപീകരണാനന്തരം (Organogenesis) കരളും പ്ലീഹയും പിന്നീട് അസ്ഥികളിലെ മജ്ജയുമാണ് രക്താണുക്കളുടെ പ്രഭവ കേന്ദ്രങ്ങൾ. ദൈവിക തീരുമാനങ്ങളുടെയും സൃഷ്ടിപ്പിലെയും കൃത്യത ഇവിടെ കൂടുതൽ വ്യക്തമാകുന്നു.

(ചിത്രം 11)




Vertebrates, Kenneth V. Kardong. 1995 p 186, 184

